# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.4703 - 23/07/2015 - ലെ മറുപടിക്ക്**

## പദ്ധതികളുടെ പൂർത്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.ദാസൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം, സംസ്ഥാന ഖജനാവിനുണ്ടാക്കുന്ന നഷ്ടം വിലയിരുത്താറുണ്ടോ; വിശദമാക്കുമോ; | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പ്രഖ്യാപിത പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് കർശന നിർദ്ദേശം നൽകി വരുന്നു. കൂടാതെ, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ സ്പേസ്' സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്. |
| (ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗികതകൾ പാലിക്കാതെ വിഭാവനം ചെയ്യുകയും കൺസൾട്ടൻസിയെ നിയമിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചതിനുശേഷം അപ്രായോഗിക പദ്ധതിയെന്ന പേരിൽ ഉപേക്ഷിക്കുകയും ചെയ്യുന്നതുമൂലം കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) എങ്കിൽ ഇത്തരത്തിൽ ധനം ദുർവ്യയം ചെയ്യപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ? | ബാധകമല്ല. |

അക്കൗണ്ട്സ് ഓഫീസർ